**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1188** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) | ഉൾനാടൻ മത്സ്യബന്ധനത്തിലൂടെയും മത്സ്യകൃഷിയിലൂടെയും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. പാടശേഖരങ്ങളിലെ 'ഒരു നെല്ലും ഒരു മീനും', അർദ്ധ-ഊർജിത മത്സ്യകൃഷി, പൊതുകുളങ്ങളിലെ മത്സ്യകൃഷി, കൂടുകൃഷി, റീ-സർക്കുലേറ്ററി യൂണിറ്റുകൾ, പടുതാകുളങ്ങൾ, ബയോഫ്ലോക്ക് യൂണിറ്റുകൾ, എംബാങ്ക്മെന്റ് തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി, ശാസ്ത്രീയമായ മത്സ്യകൃഷി രീതികളിലും ഇനങ്ങളിലുമുള്ള വൈവിധ്യ വൽക്കരണത്തിലൂടെ സംസ്ഥാന സർക്കാർ ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ജലസംഭരണികളിൽ മത്സ്യവിത്ത് നിക്ഷേപം, കൂട് കൃഷി , ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യകുഞ്ഞു നിക്ഷേപം എന്നിവ നടപ്പിലാക്കുക വഴി ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യോൽപ്പാദനം 2024-25 വർഷം ആകെ 280187 മെട്രിക് ടൺ ഉൽപ്പാദനം കൈവരിച്ചിട്ടുണ്ട്. കൂടാതെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്തിന്റെ വർദ്ധനവിനും അവയുടെ സംരക്ഷണത്തിനും ഊന്നൽ നൽകി കേരള ഇൻലാൻഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് നടപ്പിലാക്കിയതിലൂടെ അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയത് മത്സ്യ സമ്പത്തിന്റെ അശാസ്ത്രീയ ചൂഷണം ഒഴിവാക്കി മത്സ്യ സമ്പത്തിന്റെ വർദ്ധനവിനും സുസ്ഥിര ലഭ്യതയ്ക്കും ഇട നൽകിയിട്ടുണ്ട്. മത്സ്യ സമ്പത്തിന്റെ പരിപാലനത്തിനും സുസ്ഥിര മത്സ്യബന്ധനത്തിനുമുള്ള പ്രാധാന്യവുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ശക്തമായ ഇടപെടലുകളുടെ ഭാഗമായാണ് 2021-22 വർഷം 2.2 ലക്ഷം മെട്രിക് ടണ്ണായിരുന്ന ഉൾനാടൻ മത്സ്യോല്പാദനം 2024-25 വർഷം 2.8 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നത്.<br><br>ഉൾനാടൻ ആവാസവ്യവസ്ഥയുടെ സംരക്ഷണ നടപടികൾക്ക് മുൻഗണന നൽകിക്കൊണ്ട് കേരളത്തിലെ വിവിധ ജില്ലകളിലെ തിരഞ്ഞെടുത്ത ആവാസ വ്യവസ്ഥകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യകുഞ്ഞുനിക്ഷേപം നടത്തുക വഴി ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഇതിലൂടെ പ്രാദേശിക തൊഴിൽ വർദ്ധിപ്പിക്കാനും കയറ്റുമതി പ്രോത്സാഹിപ്പിക്കാനും സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | മത്സ്യകൃഷി പദ്ധതികളിലൂടെ സ്വന്തമായി തൊഴിലും അത് വഴി വരുമാനവും കണ്ടെത്തുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർധിച്ചത് മൂലം മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും അത് വഴി വരുമാനവും വർധിച്ചിട്ടുണ്ട്. |
| (സി) | നൂതന മത്സ്യ കൃഷിരീതികൾ അവലംബിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യവിത്തുകളുടെ ഉല്പാദനത്തിനും വിതരണത്തിനും മത്സ്യ ഇനങ്ങളിലെ വൈവിദ്ധ്യവൽക്കരണത്തിനും ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | നൂതന മത്സ്യകൃഷി രീതികളായ കൂട് കൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക്, അർദ്ധ ഊർജിത മത്സ്യകൃഷി, പടുത കുളങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന മത്സ്യകൃഷി രീതികളും കരിമീൻ, അനബാസ്, വരാൽ, കാർപ്പ് തുടങ്ങിയ വിവിധ തരം മത്സ്യ ഇനങ്ങളും, കാര, വനാമി ചെമ്മീൻ ഇനങ്ങളും കൃഷി ചെയ്തു വരുന്നു.<br><br>മത്സ്യകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഹാച്ചറികളിലെ മത്സ്യ വിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കൂടാതെ കർഷകരുടെ സഹകരണത്തോടെ കരിമീൻ, വരാൽ പിന്നാമ്പുറ മത്സ്യവിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നു.<br><br>കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മത്സ്യവിത്ത് ഹാച്ചറികളെയും സീഡ് ഫാമുകളെയും സംസ്ഥാന മത്സ്യവിത്ത് നിയമത്തിൻ കീഴിൽ കൊണ്ടു വരുന്നതിനായി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം മുഖേന രജിസ്ട്രേഷൻ നടത്തി വരുന്നു.<br><br>ഗുണമേന്മയുള്ള മത്സ്യവിത്തുകളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം |

വഴി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>രജിസ്ട്രേഷനും ലൈസൻസും:</u>

2014-ലെ കേരള മത്സ്യ വിത്ത് നിയമപ്രകാരം എല്ലാ ഫാമുകൾക്കും ഹാച്ചറികൾക്കും വിപണന കേന്ദ്രങ്ങൾക്കും ലൈസൻസ് നൽകുന്നുണ്ട്. ഇതുവരെ സംസ്ഥാന കേന്ദ്രത്തിൽ നിന്ന് 1338 യൂണിറ്റുകൾക്ക് രജിസ്ട്രേഷനും, പ്രാദേശിക മത്സ്യ വിത്ത് കേന്ദ്രങ്ങളിൽ നിന്ന് 1066 യൂണിറ്റുകൾക്ക് ലൈസൻസും നൽകിയിട്ടുണ്ട്.

<u>ഗുണനിലവാര പരിശോധന:</u>

മത്സ്യവിത്തുകൾ രോഗാണുവാഹകരല്ലെന്ന് ഉറപ്പാക്കാൻ ഫിഷ് സീഡ് ഇൻസ്പെക്ടർമാർ വഴി സ്ഥിരമായി പരിശോധനകൾ നടത്തുന്നു. ഇതിനകം 850 പി.സി.ആർ (PCR) ടെസ്റ്റുകളും മൈക്രോബയോളജി പരിശോധനകളും പൂർത്തിയാക്കി.

<u>ക്വാറന്റൈൻ:</u>

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിത്തുകൾക്ക് കർശനമായ ക്വാറന്റൈൻ നിർദ്ദേശങ്ങൾ നൽകുകയും ഇൻസ്പെക്ടർമാർ വഴി അത് നിരീക്ഷിക്കുകയും ചെയ്യുന്നു.

<u>ശിക്ഷാ നടപടികൾ:</u>

അനധികൃതമായി കൊണ്ടുവരുന്ന വിത്തുകൾ പിടിച്ചെടുത്ത് നശിപ്പിക്കുന്നു. നിയമലംഘനങ്ങൾക്ക് ഇതുവരെ 7,32,400 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

<u>രോഗനിയന്ത്രണം:</u>

വിത്തുകളിൽ രോഗം കണ്ടാൽ ആ ലോട്ടുകൾ പൂർണ്ണമായും നശിപ്പിക്കുകയും ടാങ്കുകൾ അണുവിമുക്തമാക്കുകയും ചെയ്യുന്നു.

<u>ബോധവൽക്കരണവും പരിശീലനവും:</u> 14 ജില്ലകളിലെയും ഉടമകൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ, ഇൻസ്പെക്ടർമാർക്ക് സി.എം.എഫ്.ആർ.ഐ (CMFRI), കുഫോസ് (KUFOS) എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് ശാസ്ത്രീയ പരിശീലനം നൽകി വരുന്നു. കൂടാതെ മൽസ്യവിത്തുകളുടെ സാമ്പിളുകൾ ശേഖരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അക്വാട്ടിക് അനിമൽ ഹെൽത്ത്

| | | | |
|---|---|---|---|
| | | | ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നു |

സെക്ഷൻ ഓഫീസർ